**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5249** **21-03-2025 - ൽ മറുപടിയ്ക്ക്**

**ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ കാലഘട്ടത്തിനനുസരിച്ച് പുതിയ കോഴ്സുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എച്ച്. സലാം** | | **ഡോ. ആർ. ബിന്ദു (ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ പരമ്പരാഗതമായി നടത്തിവരുന്ന ഏതൊക്കെ കോഴ്സുകളിൽ കുട്ടികൾ കുറയുന്നു എന്നത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; | (എ) | സംസ്ഥാന വ്യാപകമായി ഏതെങ്കിലും പ്രത്യേക വിഷയത്തിൻ വിദ്യാർത്ഥികളില്ലാതെ വരുന്നതായി ശ്രദ്ധയിൽ പെട്ടിട്ടില്ല. സംസ്ഥാനത്ത് ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ പല പരമ്പരാഗത കോഴ്സുകളിലും ചേരുന്നതിൽ വിദ്യാർത്ഥികൾക്ക് താത്പര്യം കുറഞ്ഞു വരുന്നത് ശ്രദ്ധയിൽപ്പെട്ടിരുന്നു. തുടർന്ന്, ഉന്നതവിദ്യാഭ്യാസ പരിഷ്കരണ കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ, ഉന്നതവിദ്യാഭ്യാസ രംഗത്ത് കാലോചിതമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിനും GER ഉയർത്തുന്നതിനും ലക്ഷ്യമിട്ട് ബിരുദ പഠനത്തിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തി നാല് വർഷ ബിരുദ പ്രോഗ്രാമുകൾ 2024-25 അധ്യയന വർഷം മുതൽ ആരംഭിച്ചിട്ടുണ്ട്. FYUGP കരിക്കുലത്തിൽ കാലോചിതമായ പരിഷ്കരണത്തിനുള്ള അവസരം ലഭ്യമാണ്. ഇത് ഉപയോഗിച്ച് നിലവിലുള്ള കോഴ്സുകൾ പരിഷ്കരിച്ച് നടപ്പിലാക്കാൻ കഴിയും. |
| (ബി) | കുട്ടികൾ കുറയുന്ന പരമ്പരാഗതകോഴ്സുകൾക്ക് പകരം കാലഘട്ടത്തിനനുസരിച്ച് പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | ഗവേഷണ അഭിരുചിക്കും നൈപുണ്യ വികസനത്തിനും പ്രാധാന്യം നൽകിക്കൊണ്ടും തൊഴിൽ സാധ്യതകൾ പരിഗണിച്ചും വ്യത്യസ്തമായ കോഴ്സുകൾ ഉൾപ്പെടുത്തി കരിക്കുലം പരിഷ്കരിച്ചുകൊണ്ടാണ് സർവ്വകലാശാലകൾ നാല് വർഷ ബിരുദ പ്രോഗ്രാമുകൾ ആരംഭിച്ചിട്ടുള്ളത്. കൂടാതെ, പുതുതലമുറ കോഴ്സുകളും ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ